## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 632** **09-08-2023 - ൽ മറുപടിയ്ക്ക്**

## പൂഞ്ഞാർ മണ്ഡലത്തിലെ വ്യവസായ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ വ്യവസായ വകുപ്പ് പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | വ്യവസായ വകുപ്പ് മണ്ഡലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നില്ല. എന്നാൽ വ്യവസായ സംരംഭം ആരംഭിക്കുന്നവർക്കായി നടപ്പിലാക്കി വരുന്ന പദ്ധതികളും പ്രവർത്തനങ്ങളും പൂഞ്ഞാർ മണ്ഡലത്തിലും നടപ്പിലാക്കുന്നുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കി വരുന്ന സംരംഭകത്വ സഹായ പദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് എന്നീ പദ്ധതികൾ പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. *2022-23 സംരംഭക വർഷം* പദ്ധതിയുടെ ഭാഗമായി പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും അവർക്ക് പരിശീലനം നൽകുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൊതുബോധവൽക്കരണ പരിപാടി, ലോൺ-ലൈസൻസ് മേളകൾ എന്നിവ നടത്തിയിരുന്നു. പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമായി നടത്തിയ ഇത്തരം പ്രചാരണ പരിപാടിയുടെ ഭാഗമായി 1,60,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ബി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതിയിൽ 9 യൂണിറ്റുകൾക്ക് 30,24,475/-രൂപ സബ്സിഡിയായി അനുവദിച്ചു.<br><br>ഒരു കുടുംബം ഒരു സംരംഭം പദ്ധതിയിൽ 1 യൂണിറ്റിന് 24577/- രൂപ അനുവദിച്ചിട്ടുണ്ട്.<br><br>മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് പദ്ധതി വഴി 6 യൂണിറ്റുകൾക്ക് 1872000/- രൂപ ഗ്രാന്റ് ആയി അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മേൽ പദ്ധതികൾ ഉൾപ്പെടെയുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്കായുള്ള വിവിധ സാമ്പത്തിക സഹായ പദ്ധതികളും പ്രോത്സാഹന പ്രവർത്തനങ്ങളും നടപ്പ് സാമ്പത്തിക വർഷവും പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ